'നാട്പാക്' ന് ഗ്രാന്റ് ഇനത്തിൽ അനുവദിച്ച തുക

32 (2961)ശ്രീ. വി.ജെ. പൗലോസ് :

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 'നാട്പാക്' ന് 1998-99, 1999-2000 എന്നീ സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാന സർക്കാർ ഗ്രാന്റ് ഇനത്തിൽ അനുവദിച്ച തുക എത്ര;

(ബി) 'നാട്പാക്' ന് നടപ്പു വർഷം സംസ്ഥാന സർക്കാർ ഗ്രാന്റ് ഇനത്തിൽ അനുവദിച്ച തുക പ്രസ്തുത സ്ഥാപനത്തിന്റെ കാര്യക്ഷമമായ നടത്തിപ്പിന് അപര്യാപ്തമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1998-99 വർഷത്തിൽ പദ്ധതിവിഹിതം, പദ്ധതിയേതര വിഹിതം, പഠനങ്ങൾക്കു വേണ്ടിയുള്ള വിഹിതവുമായി 125 ലക്ഷം രൂപയും 1999-2000 വർഷത്തിൽ 136 ലക്ഷം രൂപയും ഗ്രാന്റ് ആയി അനുവദിച്ചിട്ടുണ്ട്.

(ബി)&(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വിമുക്തഭടന്മാർക്ക് ജോലി സംവരണം

33 (2962)ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വിമുക്തഭടന്മാർ സൈനികബോർഡുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) അവർക്ക് ജോലി നൽകാൻ ഏതെല്ലാം മേഖലകളിൽ എന്തെല്ലാം സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്;

(സി) ജോലി സംവരണത്തിന് പുറമേ വിമുക്തഭടന്മാർക്ക് എന്തെങ്കിലും ആനുകൂല്യങ്ങൾ സർക്കാർ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമാണ്?

ഉത്തരം

(എ) 1998 ഡിസംബർ 31 വരെ സംസ്ഥാനത്തെ സൈനികക്ഷേമ ഓഫീസുകളിൽ പുനർ നിയമനത്തിനായി 27499 വിമുക്തഭടന്മാർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) സൈനികക്ഷേമവകുപ്പിലെ മുഴുവൻ തസ്തികയും എൻ.സി.സി. വകുപ്പിലെ ക്ലാസ്സ് മൂന്ന്, നാല് തസ്തികകളും വിമുക്തഭടന്മാർക്ക് സംവരണം ചെയ്തിരിക്കുന്നു. പോലീസ് വകുപ്പിൽ നിബന്ധനകൾക്ക് വിധേയമായി ഡ്രൈവർ, മൃഗസംരക്ഷണവകുപ്പിൽ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ്-2 എന്നീ തസ്തികകളിൽ പത്ത് ശതമാനവും വിവിധ വകുപ്പുകളിൽ സാർജന്റ് തസ്തിക, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, വികാസ് ഭവൻ സർവകലാശാലകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ സെക്യൂരിറ്റി ജോലി ഇവ വിമുക്തഭടന്മാർക്ക് സംവരണം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗ സംവരണത്തിന് പുറമേ പി.എസ്.സി. പരീക്ഷകളിൽ ഗ്രേസ് മാർക്കും വയസ്സിളവും നൽകുന്നുണ്ട്. കൂടാതെ വിദ്യാഭ്യാസ യോഗ്യതകളിൽ പ്രതിരോധ സേനയിൽ നിന്നു ലഭിക്കുന്ന യോഗ്യതാ പരീക്ഷകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഉത്തരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

പ്രവാസികൾക്കുള്ള സഹായങ്ങൾ

34 (2963)പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി കേരളീയ വകുപ്പിന്റെ വിദേശ മലയാളികളുടെ ക്ഷേമത്തിനായുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) ഈ വകുപ്പിന്റെ ഇൻഷ്വറൻസ് പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ;

(സി) ഏതെല്ലാം രാജ്യങ്ങളിലുള്ള പ്രവാസികളാണ് ഇപ്പോൾ ഇൻഷ്വറൻസ് പദ്ധതിയിൽ ചേർന്നിട്ടുള്ളത്;

(ഡി) ഇതിൽ ഇതുവരെ എത്രപേർ അംഗങ്ങളായി ചേർന്നിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഇ) ഈ പദ്ധതിയെക്കുറിച്ച് വേണ്ടത്ര പ്രചാരവും ഗൾഫ് ഉൾപ്പെടെയുള്ള രാജ്യങ്ങളിലെ മലയാളികളുടെ ഇടയിൽ ലഭ്യമാക്കിട്ടില്ലായെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഈ പോരായ്മകൾ പരിഹരിച്ച് മുഴുവൻ പ്രവാസി കേരളീയരേയും ഇതിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദവിവരം വെളിപ്പെടുത്താമോ?

ഉത്തരം

(എ) അനുബന്ധം-I ആയി കൊടുത്തിരിക്കുന്നു.†

(ബി) സംസ്ഥാന സർക്കാരിന്റെ നിർദ്ദേശപ്രകാരം ന്യൂ ഇന്ഡ്യാ അഷ്വറൻസ് കമ്പനിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ വിശദാംശം അനുബന്ധം -II ആയി †കൊടുത്തിരിക്കുന്നു.

(സി) പ്രധാനമായും ഗൾഫ് രാജ്യങ്ങളിലുള്ള പ്രവാസി കേരളീയരാണ് ഈ പദ്ധതിയിൽ ചേർന്നിട്ടുള്ളത്. അമേരിക്ക, കാനഡ, ജർമ്മനി, മലേഷ്യ, സീഷെൽസ്, ബ്രൂണൈ, എത്യോപ്യ എന്നീ രാജ്യങ്ങളിൽ പണിയെടുക്കുന്ന മലയാളികളും ഈ പദ്ധതിയിൽ ചേർന്നിട്ടുണ്ട്.

(ഡി) 62000-ത്തോളം പേർ.

(ഇ)&(എഫ്) കഴിയുന്നത്ര കൂടുതൽ പ്രവാസി കേരളീയരെ പദ്ധതിയിൽ ചേരാൻ പ്രേരിപ്പിക്കുന്നതിനായി വിദേശരാജ്യങ്ങളിൽ പദ്ധതിയെപ്പറ്റി വിവിധ

---

† അനുബന്ധം IV

† അനുബന്ധം V, VA

LIBRARY ARCHIVES Kerala Legislative Assembly

11. Tourist Resort (Kerala) Ltd.

12. Kerala Police Housing & Construction Corporation Ltd.

13. Kerala Transport Development Finance Corporation Ltd.

14. Kerala Feeds Ltd.

അനുബന്ധം - IV

(19.7.99-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 33 (2962) ദയവായി കാണുക)

ജോലി സംവരണത്തിന് പുറമേ താഴെ പറയുന്ന ആനുകൂല്യങ്ങൾ നൽകി വരുന്നു.

1. യുദ്ധത്തിൽ കൊല്ലപ്പെടുന്നവരുടേയും കാണാതാകുന്നവരുടെയും ആശ്രിതർക്ക് അഞ്ച് ലക്ഷം രൂപയും ഗുരുതരമായി പരിക്കേൽക്കുന്നവർക്ക് ഒരു ലക്ഷം രൂപയും മുഖ്യമന്ത്രിയുടെ സൈനികക്ഷേമ നിധിയിൽ നിന്നും സഹായമായി നൽകും.

2. വാർഷിക വരുമാനം 6000 രൂപയിൽ താഴെയുള്ള രണ്ടാം ലോക മഹായുദ്ധ സേനാനികൾക്ക് 200/- രൂപ പ്രതിമാസ സഹായം.

3. അർഹരായവർക്ക് ഭവനനിർമ്മാണത്തിന് 26,500/- രൂപ സഹായം.

4. വിമുക്ത ഭടൻമാരുടെ സമർത്ഥരായ കുട്ടികൾക്ക് സ്കോളർഷിപ്പ്

5. ധീരതാപുരസ്കാരങ്ങൾ ലഭിച്ചവർക്ക് ക്യാഷ് അവാർഡ്, അന്യൂറിറ്റി, ക്യാഷ്-ഇൻ-ല്യൂ ഓഫ് ലാൻഡ് എന്നിവ

6. ബി.എഡ്, ഐ.ടി.ഐ., എന്നീ കോഴ്സുകളിൽ പഠിക്കുന്ന വിമുക്തഭടൻമാർക്ക് സ്റ്റൈപ്പന്റ്

7. 60 വയസ്സിൽ കൂടുതലുള്ള ദരിദ്രരായ വിമുക്തഭടൻമാർക്ക് ഡസ്റ്റിറ്റ്യൂട്ട് അലവൻസ്.

8. ദരിദ്രരായ വിമുക്തഭടൻമാർക്കും ആശ്രിതർക്കും സാമ്പത്തിക സഹായം.

9. വിമുക്തഭടന്റെ ഒരു മകളുടെ വിവാഹത്തിന് 2000 രൂപ ഗ്രാന്റ്

10. വിമുക്തഭടന്റെ മരണാനന്തര ചെലവുകൾക്ക് എക്സ്ഗ്രേഷ്യാ ഗ്രാന്റ് 1000 രൂപ.

11. അന്ധരായവർക്ക് 300 രൂപ പ്രതിമാസ ബത്ത.

12. ക്ഷയം, കുഷ്ഠം എന്നിവ ബാധിച്ചവർക്ക് 300 രൂപ പ്രതിമാസ ഗ്രാന്റ്

13. തയ്യലറിയാവുന്ന വിമുക്തഭടന്റെ വിധവയ്ക്ക് തയ്യൽ മെഷീൻ സൗജന്യം.

14. വിമുക്തഭടൻമാർക്കും അവരുടെ കുട്ടികൾക്കും എം.ബി.ബി.എസ്, എഞ്ചിനീയറിംഗ് തുടങ്ങി 24-ഓളം തൊഴിലധിഷ്ഠിത കോഴ്സുകളിൽ പ്രവേശനത്തിന് സംവരണം.

15. പുറംപോക്ക് ഭൂമിയിൽ 10 ശതമാനം അലോട്ട്മെന്റ്

16. കൃഷിക്ക് ഉപയുക്തമായ വനഭൂമി അഞ്ചുശതമാനം.

LIBRARY ARCHIVES Kerala Legislative Assembly

17. എല്ലാ ജില്ലാ താലൂക്ക് ആശുപത്രികളിലും ഒരു കിടക്ക വീതം സംവരണം.

18. ആശ്രിതർക്ക് സംസ്ഥാന സർവ്വീസിൽ സ്ഥലംമാറ്റ സൗകര്യം

19. പഞ്ചായത്ത് പ്രദേശങ്ങളിൽ കെട്ടിട നികുതി സൗജന്യം

20. യുദ്ധ വിധവകൾക്കും ധീരതാ പുരസ്കാരങ്ങൾ നേടിയ വർക്കും സൗജന്യ യാത്രാസൗകര്യം.

21. കാന്റീൻ സൗകര്യങ്ങൾ

22. വിമുക്തഭടൻമാർക്കും ആശ്രിതർക്കും മിലിട്ടറി ആശുപത്രിയിൽ സൗജന്യ ചികിത്സ

23. വിമുക്തഭടൻമാരുടെ ഭാര്യമാർക്ക് അദ്ധ്യാപക നിയമനത്തിൽ മറ്റ് യോഗ്യതകൾ തുല്യമാണെങ്കിൽ മുൻഗണന

24. യുദ്ധത്തിനിടയിൽ കൊല്ലപ്പെടുന്ന ഭടൻമാരുടെ ആശ്രിതർക്ക് 15000 രൂപയും പരുക്കേൽക്കുന്നവർക്ക് 3000 രൂപ മുതൽ 15000 രൂപവരെയും എക്സ്ഗ്രേഷ്യാ.

അനുബന്ധം - V
19.7.1999-ലെ (നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 34 (2963) ദയവായി കാണുക)

'നോർക്ക'യുടെ പ്രവർത്തനങ്ങൾ

1996-ൽ യു.എ.ഇ.യിൽ പൊതുമാപ്പ് പ്രഖ്യാപിച്ചപ്പോൾ കേരളീയരെ തിരിച്ചുകൊണ്ടുവരുന്നതിനായി കൂടുതൽ വിമാന-കപ്പൽ സർവീസുകൾ നടത്താൻ നോർക്കയുടെ ശ്രമഫലമായി കഴിഞ്ഞു. ഇവരിൽ തിരിച്ചു പോകാൻ ആഗ്രഹിച്ചവർക്ക് ആവശ്യമായ യാത്രാരേഖകൾ തയ്യാറാക്കുന്നതിനായി സംസ്ഥാനത്തെ മൂന്ന് പാസ്പോർട്ട് ഓഫീസുകളിലും സ്പെഷ്യൽ കൗണ്ടറുകൾ തുറന്നു. കൂടാതെ എയർ ഇൻഡ്യ വഴി സൗജന്യ നിരക്കിൽ യു.എ.ഇ.യിലേക്ക് കൊണ്ടുപോകുന്നതിനും ഏർപ്പാട് ചെയ്തു.

സൗദി അറേബ്യയിൽ നിന്ന് പൊതുമാപ്പിൽ തിരിച്ചെത്തിയ കേരളീയർക്ക് മുംബൈ വിമാനത്താവളം, തുറമുഖം, റെയിൽവേസ്റ്റേഷൻ എന്നിവിടങ്ങളിൽ സഹായം എത്തിച്ചു. മുംബൈയിൽ ഇവരുടെ താമസം, ഭക്ഷണം, എന്നിവയ്ക്കും അവരെ കേരളത്തിൽ എത്തിക്കുന്നതിനും ആവശ്യമായ സഹായം ലഭ്യമാക്കി. കൂടാതെ സംസ്ഥാന സർക്കാരിന്റെ ചെലവിൽ ഒരു സ്പെഷ്യൽ ട്രെയിൻ ഏർപ്പെടുത്തുകയും ചെയ്തു. അയ്യായിരത്തിലധികം കേരളീയർക്ക് ഇതിന്റെ പ്രയോജനം ലഭ്യമായി. ഇതിന് മേൽനോട്ടം വഹിക്കാനായി 'നോർക്ക' ജോയിന്റ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു ആറംഗ ഉദ്യോഗസ്ഥ സംഘം മുംബൈയിൽ ക്യാമ്പ് ചെയ്തു പ്രവർത്തിച്ചു. റിയാദിലെ ഇൻഡ്യൻ എംബസിയുമായി നിരന്തരം ബന്ധപ്പെടുകയും അതുവഴി വിമാന-കപ്പൽ സർവ്വീസുകൾ ഏർപ്പെടുത്താനും കഴിഞ്ഞു.

വാഗ്ദാനം ചെയ്ത ജോലിയും ശമ്പളവും ലഭിക്കാതെ കുവൈറ്റ് എംബസിയിൽ അഭയം തേടിയ 182 നേഴ്സിംഗ് അസിസ്റ്റന്റുമാരെ സുരക്ഷിതരായി എംബസിയിൽ താമസിപ്പിക്കുന്നതിനും നാട്ടിൽ വരാനാഗ്രഹിച്ച 90 പേരെ നാട്ടിലെത്തിക്കുന്നതിനും വകുപ്പിന്റെ കൂടെ ശ്രമഫലമായി സാധിച്ചു. ഇക്കാര്യത്തിൽ മുഖ്യമന്ത്രി പ്രധാനമന്ത്രിയുമായും കേന്ദ്ര തൊഴിൽ വകുപ്പു

LIBRARY ARCHIVES Kerala Legislative Assembly